"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കണ്ണാടിപ്പറമ്പ് ദേശസേവ യു.പി. സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ ജിതിൻ കെ.പി.യുടെ നിയമനാംഗീകാരം - സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്

സ.ഉ.(സാധാ) നം.3496/2026/GEDN തീയതി,തിരുവനന്തപുരം, 23-05-2026

---

പരാമർശം:- 1. സ്കൂൾ മാനേജരുടെ 15.07.2025 തീയതിയിലെ റിവിഷൻ ഹർജി.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23.02.2026 തീയതിയിലെ ഡിജിഇ/2807/2026-ജി6 നമ്പർ റിപ്പോർട്ട്.

<u>ഉത്തരവ്</u>

കണ്ണാടിപ്പറമ്പ് ദേശസേവ യു.പി. സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.ജിതിൻ കെ.പി.യുടെ നിയമനാംഗീകാരം സംബന്ധിച്ച് പ്രസ്തുത സ്കൂൾ മാനേജർ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുണ്ട്.

2. കണ്ണാടിപ്പറമ്പ് ദേശസേവ യു പി സ്കൂളിൽ ശ്രീ. ദേവരാജൻ പി. വി. ഓഫീസ് അറ്റൻഡന്റ് 31-05-2022 സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ 01-06-2022 മുതൽ ശ്രീ. ജിതിൻ കെ. പി. യെ ഓഫീസ് അസിസ്റ്റൻറ് ആയി നിയമിച്ചു. ആയത് ചുവടെ പറയുന്ന കാരണത്താൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു.

i.ദേശസേവ യു.പി. സ്കൂൾ മാനേജ്മെന്റ് വകുപ്പ് തലത്തിൽ അംഗീകരിച്ച ഭരണഘടന, ബൈലോ എന്നിവ ഇല്ല.

ii.നിയമനാർത്ഥിയെ ഓഫീസ് അസിസ്റ്റൻറ് എന്ന തസ്തികയിലാണ് നിയമിച്ചിട്ടുള്ളത്. വിദ്യാലയത്തിൽ ഇപ്രകാരം ഒരു തസ്തിക നിലവിലില്ല.

iii.ഒഴിവ് നിലവിൽ വന്നിട്ടുള്ളത് 08-11-2021 ന് ശേഷമാണ്. സ.ഉ (കൈ)

നം.29/2023/GEDN തീയതി 24-03-2023 ലെ ഖണ്ഡിക 2(ix) പ്രകാരം 08-11-2021 ന ഒഴിവുകൾ ദിവസവേതനത്തിലാണ് നിയമനം നടത്തേണ്ടത്. ശേഷം നിലവിൽ വന്ന എന്നാൽ ഈ നിയമനം മാനേജർ ശ്രീ ജിതിൻ കെ പി യുടെ നിയമന ഉത്തരവിൽ ഓഫീസ് അറ്റൻഡന്റ് എന്ന് രേഖപ്പെടുത്തുന്നതിന് പകരം ഓഫീസ് അസിസ്റ്റൻറ് എന്നാണ് രേഖപ്പെടുത്തിയത്. മാത്രമല്ല 08-11-2021 ന് ശേഷം നിലവിൽ വന്ന ഒഴിവുകളിൽ സ.ഉ (കൈ) നം:29/2023/GEDN, തീയതി: 24-03-2023 പ്രകാരം ദിവസവേതനത്തിലാണ് നിയമനം നടത്തേണ്ടത്. എന്നാൽ മാനേജർ ടി നിയമനം ശമ്പള സ്കെയിലിൽ ആണ് നടത്തിയത്.

3. സ.ഉ(സാധാ) നം. 1253/2026/GEDN തീയതി, തിരുവനന്തപുരം, 13-02-2026 പൊതുവിദ്യാഭ്യാസ (റ്റി) വകുപ്പ് ഉത്തരവ് പ്രകാരം, മാനേജ്മെൻറ് തർക്കങ്ങൾ അധ്യാപക നിയമനങ്ങൾ അംഗീകരിക്കുന്നതിന് തടസ്സമാകരുത് എന്ന കോടതി വിധികളുടെ പശ്ചാത്തലത്തിലും, 10.04.2012 ലെ സർക്കുലർ നം. 13402/ ജെ2/12/പൊ.വി.വ. സർക്കുലർ പ്രകാരവും, നിലവിലെ മാനേജറായ ശ്രീ ശ്രീകുമാർ എൻ, വിരമിക്കൽ മൂലം സംജാതമായിട്ടുള്ള വ്യവസ്ഥാപിത ഒഴിവുകളിൽ നടത്തിയിട്ടുള്ള ശ്രീമതി അശ്വതി കെ. പി., ശ്രീമതി. രമ്യ ബി.സി.,ശ്രീമതി രജിത കൃഷ്ണ, ശ്രീമതി നയന ലക്ഷ്മണൻ എന്നിവരുടെ നിയമനങ്ങൾ, ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട നിലവിലെ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ, അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പാപ്പിനിശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകി ഉത്തരവായിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 10.4.2012-ലെ ഗവൺമെന്റ് സർക്കുലർ നമ്പർ 13402/J2/12/പൊ.വി.വ. പ്രകാരം മാനേജ്മെന്റ് തർക്കം അദ്ധ്യാപകരുടെ ചട്ട പ്രകാരം നടത്തിയിട്ടുള്ള നിയമനത്തെ ബാധിക്കാൻ പാടില്ല എന്ന് ഉത്തരവ് ആയിട്ടുള്ളതാണ്. മാനേജ്മെന്റ് തർക്കം ഉണ്ടെങ്കിൽപോലും മറ്റെല്ലാ തരത്തിലും ക്രമപ്രകാരമെങ്കിൽ നിയമനം അംഗീകരിക്കുന്നതിന് തടസ്സമില്ലെന്നും കണ്ണാടിപ്പറമ്പ് ദേശസേവ യു പി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ശ്രീ.ജിതിൻ കെ പിയുടെ 01-06-2022 മുതലുള്ള നിയമനം, ആയതു സംബന്ധിച്ച പ്രൊപോസൽ ന്യൂനതകൾ പരിഹരിച്ച് മാനേജർ സമർപ്പിക്കുന്ന പക്ഷം മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമാണെങ്കിൽ ഭിന്നശേഷിസംവരണത്തിന് വിധേയമായി ദിവസവേതനാടിസ്ഥാനത്തിൽ

അംഗീകരിക്കാവുന്നതാണ്.

5. മേൽ സാഹചര്യത്തിൽ മാനേജ്മെന്റ് തർക്കം ഉണ്ടെങ്കിൽ പോലും മറ്റെല്ലാ തരത്തിലും ക്രമപ്രകാരമെങ്കിൽ നിയമനം അംഗീകരിക്കുന്നതിന് തടസ്സമില്ലെന്നും കണ്ണാടിപ്പറമ്പ് ദേശസേവ യു.പി. സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ശ്രീ.ജിതിൻ കെ.പി.യുടെ 01-06-2022 മുതലുള്ള നിയമനം, ആയതു സംബന്ധിച്ച പ്രൊപോസൽ ന്യൂനതകൾ പരിഹരിച്ച് മാനേജർ സമർപ്പിക്കുന്ന പക്ഷം മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമാണെങ്കിൽ ഭിന്നശേഷിസംവരണത്തിന് വിധേയമായി ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി അപ്രകാരം മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അപ്സര ടി ടി

അണ്ടർ സെക്രട്ടറി

മാനേജർ, ദേശസേവ യു.പി. സ്കൂൾ, കണ്ണാടിപ്പറമ്പ്, കണ്ണൂർ

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.